**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 5317**

**01.07.2019 ലെ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കാനുള്ള കമ്മറ്റി</u>**

| | ചോദ്യം :<br>ശ്രീ.പി.ടി.തോമസ്<br>എം.എൽ.എ | ഉത്തരം :<br>ഡോ.തോമസ് ഐസക്ക്<br>(ബഹു.ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| എ | സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടി നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | 07.11.2018-ലെ സ.ഉ(പി)നം.172/2018/ധന പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലായതിനാൽ ഔദ്യോഗികമായി യോഗങ്ങൾ ഒന്നും തന്നെ ചേർന്നിട്ടില്ല. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സംബന്ധിച്ച സാമ്പത്തിക - നിയമ വശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടത് ആവശ്യമായതിനാൽ സമിതിയുടെ പ്രവർത്തന കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കിക്കൊണ്ട് സർക്കാർ 06.05.2019-ലെ സ.ഉ (പി) നം.56/2019/ധന.ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച കമ്മറ്റിയെ എന്നാണ് നിയമിച്ചത്; പ്രസ്തുത സമിതി ഇതിനകം ചേർന്ന യോഗങ്ങളുടെ നടപടി കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ; | |
| സി | ഈ കമ്മറ്റിയുടെ കാലാവധി നീട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (പി) നം.**172/2018/**ധന. തിരുവനന്തപുരം, തീയതി, **07.11.2018**

---

പരാമർശം:- സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീ.എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) (ചെയർമാൻ)
2) ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
3) പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി

കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു. കമ്മിറ്റി 6 മാസത്തിനകം വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. ശ്രീ. എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.)
2. ശ്രീ. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ)കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ ( ഇ& ആർ.എസ്.എ) കേരള, തിരുവനന്തപുരം.

7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
10. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
11. എല്ലാ വകുപ്പ് മേധാവികൾക്കും.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
13. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം
23. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
25. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. ഗവർണറുടെ സെക്രട്ടറി, രാജ്.ഭവൻ, തിരുവനന്തപുരം
28. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
29. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
30. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
31. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
32. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
33. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
34. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
35. നോഡൽ ഓഫീസർ, www.finance.kerala.gov.in
36. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**

## കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ

1. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പ്പരിശോധിക്കുന്നതിലെ നിയമപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നത് കേന്ദ്ര ധനക്കമ്മീഷൻ നിബന്ധനകളേയും ധനദൃഢീകരണത്തിനുള്ള പരിപ്രേക്ഷ്യത്തെയും എങ്ങനെ ബാധിക്കും?

3. NPS ട്രസ്റ്റ്, NSDL എന്നിവരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകൾ സൃഷ്ടിക്കുന്ന ബാദ്ധ്യതകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് സാധ്യതകൾ നിർദ്ദേശിക്കുക.

4. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പങ്കാളികളായ ജീവനക്കാർക്ക് ആയതു പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ:

a) ജീവനക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം ഏതു വിധത്തിലാകും കൈകാര്യം ചെയ്യപ്പെടുക?

b) സർക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം തിരികെ ലഭ്യമാകുമോ? ഈ കാര്യങ്ങൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുക.

5. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ പദ്ധതിയിൽ ചേർന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച കാര്യത്തിലെ നിയമവ്യവസ്ഥ എന്തായിരിക്കും? ഇവരും സർക്കാരും അടച്ച വിഹിതങ്ങളുടെ സ്ഥിതി എന്തായിരിക്കും?

6. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ മറ്റു സംസ്ഥാനങ്ങളുടെ അനുഭവവും ഇപ്പോഴത്തെ സ്ഥിതിയും പരിശോധിക്കുക.

7. പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ കേരളത്തിലെ പ്രത്യേകതകൾ എന്തെല്ലാമാണ്? പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാം?

8. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് പ്രസക്തം എന്ന് കമ്മിറ്റി കരുതുന്ന മറ്റ് കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (പി) നം. **56/2019**/ധന. തിരുവനന്തപുരം, തീയതി, 06.05.2019

---

പരാമർശം:- 1) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013
2) സ.ഉ (പി) നം. 172/2018/ധന. തീയതി, 07.11.2018

**ഉത്തരവ്**

സംസ്ഥാനത്ത് പരാമർശം (1) ഉത്തരവ് പ്രകാരം നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ശ്രീ.എസ്.സതീഷ് ചന്ദ്രബാബു (ജില്ലാ ജഡ്ജി,റിട്ട.) ചെയർമാനും ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.), പ്രൊഫ.ഡി.നാരായണ (ഡയറക്ടർ, ജി.ഐ.എഫ്.റ്റി) എന്നിവർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

2) സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണെങ്കിലും പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സംബന്ധിച്ച് സാമ്പത്തിക, നിയമ വശങ്ങളെക്കുറിച്ച് കൂടുതൽ പരിശോധനകൾ ആവശ്യമായതിനാലും പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായതിനാലും പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി **6 മാസത്തേയ്ക്ക് കൂടി** ദീർഘിപ്പിച്ചു നല്കിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.രാജശ്രീ**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. എസ്.സതീഷ് ചന്ദ്രബാബു,ജില്ലാ ജഡ്ജി (റിട്ട.)
2. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

6. അക്കൗണ്ടൻറ് ജനറൽ ( ഇ& ആർ.എസ്.എ) കേരള, തിരുവനന്തപുരം.
7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
10. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
11. എല്ലാ വകുപ്പ് മേധാവികൾക്കും.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
13. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ,
(കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം
23. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
25. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
28. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
29. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
30. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
31. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
32. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
33. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
34. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
35. നോഡൽ ഓഫീസർ, www.finance.kerala.gov.in
36. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ